REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ശബരിമല ദർശനത്തിനെത്തും. സന്നിധാനത്തും പമ്പയിലും സുരക്ഷ ശക്തമാക്കി.**
- **46 ആയുഷ് ആശുപത്രികളിലെ ഫിസിയോ തൊറാപ്പി യൂണിറ്റുകൾ മന്ത്രി വീണാ ജോർജ്ജ് വൈകിട്ട് നാടിന് സമർപ്പിക്കും.**
- **സംസ്ഥാനത്ത് ഇന്ന് മുതൽ അഞ്ചു ദിവസം അതിശക്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ചുവപ്പ് ജാഗ്രത.**
- **അറുപത്തിയേഴാമത് സ്കൂൾ കായിക മേള തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. മത്സരങ്ങൾ രാവിലെ ആരംഭിക്കും.**
- **ICC വനിതാ ലോകകപ്പ് ക്രിക്കറ്റ് റൗണ്ട് റോബിൻ ലീഗ് മാച്ചിൽ ദക്ഷിണാഫ്രിക്ക പാകിസ്ഥാനെ 150 റൺസിന് തകർത്തു.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ശബരിമല ദർശനത്തിനെത്തും. പത്തനംതിട്ട പ്രമാടം ഇൻഡോർ സ്റ്റേഡിയത്തിൽ ഹെലികോപ്റ്ററിൽ എത്തിയ ശേഷം റോഡ് മാർഗമായിരിക്കും രാഷ്ട്രപതി പമ്പയിലെത്തുന്നത്.

പമ്പാ ഗണപതി ക്ഷേത്രത്തിൽ കെട്ട് നിറച്ച ശേഷം പ്രത്യേക വാഹനത്തിൽ രാഷ്ട്രപതി സന്നിധാനത്തേക്ക് പോകും.

പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധർ...

..........വോയ്സ്.......

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ശബരിമല സന്നിധാനത്ത് ദർശനത്തിനെത്തുന്നതിനാൽ സുരക്ഷ കണക്കിലെടുത്ത്

ഇന്നു രാവിലെ മുതൽ വൈകിട്ടുവരെ പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ തീർഥാടകർക്ക് ദർശനത്തിനു നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. രാവിലെ 10.20 ന് നിലയ്ക്കൽ എത്തുന്ന രാഷ്ട്രപതിയെ മന്ത്രി വി.എൻ വാസവന്റെ നേതൃത്വത്തിൽ സ്വീകരിക്കും. പമ്പാ ഗണപതിക്ഷേത്രത്തിൽ ഇരുമുടിക്കെട്ട് നിറച്ച് ഫോർ വീൽ ഡ്രൈവ് ഗൂർഖ എമർജൻസി പ്രത്യേക വാഹനത്തിൽ സ്വാമി അയ്യപ്പൻ റോഡിലൂടെ രാഷ്ട്രപതി സന്നിധാനത്തേക്ക് പോകും. വലിയ സുരക്ഷാ സംവിധാനങ്ങളാണ് രാഷ്ട്രപതിക്കായി ഒരുക്കിയിട്ടുള്ളത്.

11.50ന് സന്നിധാനത്തെത്തുന്ന രാഷ്ട്രപതി ഉച്ചപ്പൂജ ദർശനത്തിനുശേഷം സന്നിധാനം ഗെസ്റ്റ് ഹൗസിൽ വിശ്രമിക്കും. തുടർന്ന് വൈകിട്ടു മൂന്നിനു സന്നിധാനത്തുനിന്നു മടങ്ങും. തുടർന്ന് ഹെലികോപ്റ്ററിൽ തിരുവനന്തപുരത്തേക്ക് പോകും.

✪✪✪

നാലു ദിവസത്തെ സന്ദർശനത്തിന് ഇന്നലെ വൈകിട്ടാണ് ദ്രൗപദി മുർമു തിരുവനന്തപുരത്തെത്തിയത്. നാളെ രാജ്ഭവനിൽ മുൻ രാഷ്ട്രപതി KR നാരായണന്റെ അർധകായ പ്രതിമ രാഷ്ട്രപതി അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന രാഷ്ട്രപതി, പാലാ സെന്റ് തോമസ് കോളേജിലെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിലും സംബന്ധിക്കും. വെള്ളിയാഴ്ച എറണാകുളം സെന്റ് തെരേസാസ് കോളേജിലെ ശതാബ്ദി പരിപാടിയിൽ പങ്കെടുത്ത ശേഷം രാഷ്ട്രപതി ഡൽഹിക്ക് മടങ്ങും. സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ മൂന്ന് ദിവസത്തെ ഗതാഗത നിയന്ത്രണമേർപ്പെടുത്തി.

രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലും സുരക്ഷ ശക്തമാക്കി.

✪✪✪

തിരുവനന്തപുരത്തെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമവുമായി BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറിന്റെ നേതൃത്വത്തിൽ പ്രതിനിധി സംഘം കൂടിക്കാഴ്ച നടത്തി. ശബരിമലയിലെ സ്വർണ്ണക്കവർച്ച അടക്കം വിഷയങ്ങളിൽ ജനങ്ങളുടെ ആശങ്ക രാഷ്ട്രപതിയെ സംഘം ധരിപ്പിച്ചു. രാജ്ഭവനിലായിരുന്നു കൂടിക്കാഴ്ച.

മുതിർന്ന നേതാക്കളായ കുമ്മനം രാജശേഖരൻ, V.മുരളീധരൻ, K.സുരേന്ദ്രൻ, S. സുരേഷ്, R. ശ്രീലേഖ തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞമാസം 22നു പ്രഖ്യാപിച്ച GST ബചത് ഉത്സവത്തിന്റെ ഭാഗമായി സമൂഹത്തിന്റെ നാനാ തുറകളിലെയും ആളുകൾക്ക് വരും തലമുറ നികുതി പരിഷ്കരണങ്ങളുടെ ഗുണ ഫലങ്ങൾ ലഭിച്ചുതുടങ്ങി. വസ്ത്രങ്ങൾക്കും പാദരക്ഷകൾക്കും GST കുറച്ചത് ഉപഭോക്താക്കളെ എങ്ങനെ സഹായിക്കുന്നു എന്നതിനെ കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ട്.

.......വോയ്സ്.......

വരും തലമുറ GST പരിഷ്കരണങ്ങളുടെ ഭാഗമായി മനുഷ്യനിർമ്മിത നാരുകളുടെ നികുതി 18 ശതമാനത്തിൽ നിന്നും അഞ്ചു ശതമാനമായാണ് കേന്ദ്രഗവൺമെന്റ് കുറച്ചത്. ഇതുകൂടാതെ മനുഷ്യനിർമ്മിത നൂലുകളുടെയും GST 12 ശതമാനത്തിൽ നിന്നും അഞ്ചു ശതമാനമായി കുറച്ചു. 2,500 രൂപ വരെ വില വരുന്ന റെഡി മെയ്ഡ് വസ്ത്രങ്ങളുടെയും പാദരക്ഷകളുടെയും നികുതി 12 ശതമാനത്തിൽ നിന്നും അഞ്ചു ശതമാനമായി കുറഞ്ഞത് ഉപഭോക്താക്കൾക്ക് ഏറെ ആശ്വാസമായി.

നികുതിയിളവ് മേഖലയിലെ നിർമ്മാതാക്കളുടെ നികുതിഭാരം കുറക്കാനും അതുവഴി ഉപഭോക്താക്കൾക്ക് താങ്ങാനാവുന്ന വിലയിൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും സഹായിക്കുന്നുണ്ട്.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ പ്രാദേശിക കണക്റ്റിവിറ്റി പദ്ധതിയായ ഉഡാൻ കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ മൂന്ന് ലക്ഷത്തി 23,000-ത്തിലേറെ വിമാന സർവീസുകൾ നടത്തിയതായി വ്യോമയാന മന്ത്രാലയം അറിയിച്ചു. ഒന്നരക്കോടിയിലേറെ യാത്രക്കാർ ഈ സൗകര്യം പ്രയോജനപ്പെടുത്തി. ഉഡാൻ ഒമ്പതാം വാർഷികത്തിന്റെ ഭാഗമായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ചടങ്ങിൽ സിവിൽ വ്യോമയാന സെക്രട്ടറി സമീർകുമാർ സിൻഹ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തി.

✪✪✪

കൊല്ലം പെരിനാട് സ്റ്റേഷനിൽ പുതുതായി സ്റ്റോപ്പ് അനുവദിച്ച ഗുരുവായൂർ - മധുര എക്സ്പ്രസിന് റെയിൽവേ സ്റ്റേഷനിൽ വരവേൽപ്പ് നൽകും. രാവിലെ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ട്രെയിനിനെ സ്വീകരിക്കുകയും ഫ്ലാഗ് ഓഫ് നടത്തുകയും ചെയ്യും.

✪✪✪

46 ആയുഷ് ആശുപത്രികളിലെ ഫിസിയോ തൊറാപ്പി യൂണിറ്റുകൾ മന്ത്രി വീണാ ജോർജ്ജ് വൈകിട്ട് നാടിന് സമർപ്പിക്കും. തിരുവനന്തപുരം കിഴക്കേ കോട്ട ജില്ലാ ഹോമിയോ ആശുപത്രിയിലാണ് ഉദ്ഘാടന ചടങ്ങ്. ഭാരതീയ ചികിത്സാ വകുപ്പിന്റെ 25 ആശുപത്രികളിലും 21 ഹോമിയോ ആശുപത്രികളിലുമാണ് പുതിയ ഫിസിയോ തൊറാപ്പി യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന് രാവിലെ പതിനൊന്നിന് ആകാശവാണി നിലയങ്ങൾ പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 24 വരെ പങ്കുവയ്ക്കാം. മൻ കി ബാത്തിന്റെ 127-ാം പതിപ്പാണിത്.

✪✪✪

സംസ്ഥാനത്ത് ഇന്ന് മുതൽ അഞ്ചു ദിവസം അതിശക്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ചുവപ്പ് ജാഗ്രത നൽകി.

മൂന്ന് ജില്ലകളിലേയും പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർമാർ അവധി പ്രഖ്യാപിച്ചു. അങ്കണവാടികൾ, മദ്രസ്സകൾ, ട്യൂഷൻ സെന്ററുകൾ എന്നിവയ്ക്കും അവധി ബാധകമാണ്. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും ഇന്റർവ്യൂകൾക്കും മാറ്റമുണ്ടായിരിക്കില്ല.

പത്തനംതിട്ട ജില്ലയിലും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മഴസാധ്യത മുൻനിർത്തി അവധി നൽകിയിട്ടുണ്ട്.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിലും ശക്തമായ മഴയുണ്ടാകുമെന്നാണ് വിലയിരുത്തൽ. മഴയ്ക്ക് ഒപ്പം മിന്നലും, മണിക്കൂറിൽ മുപ്പത് മുതൽ നാൽപ്പത് വരെ കിലോമീറ്റർ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്.

കേരള, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ചവരെ മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

അറുപത്തിയേഴാമത് സ്കൂൾ കായിക മേള തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മന്ത്രി V ശിവൻകുട്ടി അധ്യക്ഷനായിരുന്നു.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

........വോയ്സ്..........

ഇന്നലെ വൈകിട്ട് ഔപചാരിക ഉദ്ഘാടനം നടന്ന സംസ്ഥാന സ്ക്കൂൾ കായികമേളയിലെ മൽസരങ്ങൾക്ക് ഇന്നു രാവിലെയാണ് തുടക്കമാകുക. 41 കായിക ഇനങ്ങളിലായി 12 സ്റ്റേഡിയങ്ങളിൽ മൽസരങ്ങൾ നടക്കും. ഇൻക്ലൂസീവ് വിഭാഗത്തിലെ അത്‌ലറ്റിക്സ്, ഗെയിംസ് മൽസരങ്ങളും പൊതു വിഭാഗത്തിലെ ഗെയിംസ്, അക്വാറ്റിക്സ് മൽസരങ്ങളും ഇന്ന് ആരംഭിക്കും. ഇൻക്ലൂസിവ് വിഭാഗത്തില്ഡ ബോക്സ് ബോൾ, ഫുട്ബോൾ, അത്‌ലറ്റിക്സ്, ഹാൻഡ്ബോൾ, ബാഡ്മിന്റൺ മൽസരങ്ങളാണ് ഇന്ന് നടക്കുന്നത്. പൊതു വിഭാഗത്തിൽ തായ്കോണ്ടോ, കബഡി, ഖോഖോ, ജൂഡോ, ബാസ്ക്കറ്റ്ബോൾ, ഹോക്കി, വോളിബോൾ, ക്രിക്കറ്റ്, ഷൂട്ടിങ്, അക്വാറ്റിക്സ്, മൽസരങ്ങൾ ഇന്ന് ആരംഭിക്കും.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റ് റൗണ്ട് റോബിൻ ലീഗ് മാച്ചിൽ ദക്ഷിണാഫ്രിക്ക പാകിസ്ഥാനെ 150 റൺസിന് തകർത്തു. കൊളംബോയിൽ മഴ പലവട്ടം തടസ്സപ്പെടുത്തിയ മത്സരം 40 ഓവറായി ചുരുക്കിയിരുന്നു. പരാജയത്തോടെ പാകിസ്ഥാൻ മത്സരത്തിൽ നിന്ന് പുറത്തായി. പത്തു പോയിന്റുമായി പട്ടികയിൽ ഒന്നാം സ്ഥാനത്താണ് ദക്ഷിണാഫ്രിക്ക.

ഇന്ന് ഇൻഡോറിൽ ഓസ്ട്രേലിയ, ഇംഗ്ലണ്ടിനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

സ്പോർട്സ് സ്കൂളുകൾക്ക് പ്രത്യേക പാഠ്യപദ്ധതി നടപ്പാക്കാൻ സംസ്ഥാനം പദ്ധതി തയ്യാറാക്കി വരികയാണെന്ന് മന്ത്രി V.അബ്ദുറഹിമാൻ കാസർകോട്ട് പറഞ്ഞു. കൂളിയാട് ഗവ. ഹൈസ്കൂളിന്റെ പുതിയ കെട്ടിടം നാടിന് സമർപ്പിക്കുകയായിരുന്നു മന്ത്രി.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ചീമേനിയിൽ നിർമ്മിച്ച ഗ്രൗണ്ടും മന്ത്രി നേരത്തെ ഉദ്ഘാടനം ചെയ്തു. പദ്ധതിയിൽ സംസ്ഥാനത്ത് 376 കളിക്കളങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

തളിപ്പറമ്പ് കില ആസ്ഥാനമാക്കി മുപ്പതിനായിരം പേരെ ഉൾക്കൊള്ളാവുന്ന, അന്താരാഷ്ട്ര നിലവാരത്തോട് കൂടിയ ഫുട്ബോൾ സ്റ്റേഡിയം നിർമിക്കുമെന്ന് മന്ത്രി V അബ്ദുറഹിമാൻ പറഞ്ഞു. ഡിസംബറോടെ ഇതിന്റെ നിർമ്മാണം ആരംഭിക്കും. കണ്ണൂർ കല്ല്യാശ്ശേരി KPR ഗോപാലൻ സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഫുട്ബോൾ ടർഫും, ഗ്രൗണ്ടും, ജിംനേഷ്യം കോർട്ടും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

നാലാമത് ദക്ഷിണേഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് വെള്ളിയാഴ്ച ജാർഖണ്ഡിലെ റാഞ്ചിയിൽ ആരംഭിക്കും. 26 വരെ ബിർസാമുണ്ട ഫുട്ബോൾ സ്റ്റേഡിയത്തിലാണ് ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ. സാഫ് ഗെയിംസിന് തയ്യാറെടുപ്പുകൾ പൂർത്തിയായതായി സ്പോർട്സ് യുവജന കാര്യ ഡയറക്ടറേറ്റ് അറിയിച്ചു.

✪✪✪

തലശ്ശേരി കോടിയേരി കുടുംബാരോഗ്യകേന്ദ്രത്തിലെ കെട്ടിടം മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. എല്ലാവർക്കും ആരോഗ്യ ഇൻഷുറൻസ് ലഭ്യമാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നും പണമില്ലാത്തതിന്റെ പേരിൽ ആർക്കും ചികിത്സ ലഭിക്കാത്ത സാഹചര്യം ഉണ്ടാകരുതെന്നും മന്ത്രി പറഞ്ഞു. സ്പീക്കർ AN ഷംസീർ ചടങ്ങിൽ അധ്യക്ഷനായിരുന്നു.

✪✪✪

മഞ്ചേശ്വരം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം മന്ത്രി വീണാ ജോർജ്ജ് ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു. കേന്ദ്രത്തിലെ രണ്ട് കെട്ടിടങ്ങളുടെ പ്രവൃത്തിയും മന്ത്രി ഓൺലൈനിൽ നിർവഹിച്ചു.

✪✪✪

കൊയിലാണ്ടി നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സ് മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്തു. ജനങ്ങൾക്കാവശ്യമായ എല്ലാ സേവനങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കി വരികയാണെന്ന് മന്ത്രി പറഞ്ഞു.

K -സ്മാർട്ടിലൂടെ കഴിഞ്ഞ വർഷം 71,658 കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകിയെന്ന് അദ്ദേഹം അറിയിച്ചു. 21 കോടി രൂപ ചെലവിലാണ് ആറ് നില ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചത്.

പുറമേരി ഗ്രാമപഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടവും മറ്റൊരു ചടങ്ങിൽ മന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

കോഴിക്കോട് പേരാമ്പ്രയിൽ ഗവൺമെന്റ് പോളിടെക്നിക്കിന് സ്ഥലം ഏറ്റെടുക്കൽ രേഖകൾ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറി. കല്ലൂരിൽ ചടങ്ങ് മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്തു. നാടുകാണി മലയിലും പുറക്കിലേരി മലയിലും നാലര ഏക്കറോളം സ്ഥലത്താണ് കെട്ടിടം നിർമ്മിക്കുന്നത്. അടുത്ത് അധ്യായന വർഷം മുതൽ വടക്കുമ്പാട് ഹയർസെക്കൻഡറി സ്കൂളിൽ ക്ലാസുകൾ താൽകാലികമായി ആരംഭിക്കും.

✪✪✪

വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണ കാലയളവ് നീണ്ടതിനെ തുടർന്ന് മീൻപിടുത്തത്തിന് ബുദ്ധിമുട്ട് നേരിടുന്ന മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ആനുകൂല്യം ഡിസംബർ 31 വരെ നീട്ടി. ഇതിനായി 34 കോടി 18ലക്ഷം രൂപ അനുവദിച്ച് ഉത്തരവിറക്കിയതായി മന്ത്രി സജി ചെറിയാൻ അറിയിച്ചു.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader : അനിൽചന്ദ്രൻ*
*NRTs:, സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*